# MV Rules 1989 part 2

- ❖ **Rule 17** - ഒരു ക്ലാസ് വാഹനം ലൈസൻസിൽ കൂട്ടിച്ചേർക്കുന്നതിനെ പറ്റി പ്രതിപാദിക്കുന്നു.

> മറ്റൊരു ക്ലാസ് വാഹനം തൻ്റെ ലൈസൻസിൽ കൂട്ടിചേർക്കാൻ സമർപ്പിക്കേണ്ടവ:

●അപേക്ഷകൻ്റെ കൈവശമുള്ള ഫലപ്രദമായ ലേണേഴ്സ് ലൈസൻസും ഡ്രൈവിംഗ് ലൈസൻസും.

●ട്രാൻസ്പോർട്ട് വാഹനത്തിനുള്ള അപേക്ഷയുടെ കാര്യത്തിൽ കൈവശമുള്ള ഡ്രൈവിംഗ് ലൈസൻസ്.

●റൂൾ 32 ൽ പറയുന്ന നിർദിഷ്ട ഫീസ്

●ഹെവി ഗുഡ്സ് അല്ലെങ്കിൽ ഹെവി പാസഞ്ചർ വാഹനം കൂട്ടിച്ചേർക്കാനാ ണെങ്കിൽ Form 5A നൽകണം. (Form 5 A - certificate of fuel efficient driving training issued by driving school or establishment).

> ട്രാൻസ്പോർട്ട് വാഹനത്തിനുള്ള അപേക്ഷ യാണെങ്കിൽ Form 1A.

- ❖ **Rule 17A** - ഒന്നോ അതിലധികമോ ക്ലാസ് വാഹനങ്ങൾ ലൈസൻസിൽ നിന്നും സ്ഥിരമായി ഒഴിവാക്കുന്നതിനെ പറ്റി പ്രതിപാദിക്കുന്നു

> ലൈസൻസ് കൈവശമുള്ള ഒരു വ്യക്തി തന്റെ ലൈസൻസിൽ നിന്നും ഒന്നോ അതിലധികമോ ക്ലാസ് വാഹനങ്ങൾ മാറ്റുവാൻ ആഗ്രഹിക്കുകയാണെങ്കിൽ നൽകേണ്ടവ:

●ഡ്രൈവിംഗ് ലൈസൻസ്

Ablearns

●Rule 32 - ൽ പറയുന്ന മതിയായ ഫീസ്

●Form 8 - ൽ അപേക്ഷ

❖ **Rule 18** - ഡ്രൈവിംഗ് ലൈസൻസിൻ്റെ പുതുക്ക ലിനെ പറ്റി പ്രതിപാദിക്കുന്നു.

> ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഫോം -2 ൽ സംസ്ഥാനത്തെ ഏത് ലൈസൻസിംഗ് അതോരിറ്റിക്കും സമർപ്പിക്കാവുന്നതാണ്.

> അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട മറ്റു രേഖകൾ:

(a) റൂൾ 32 ൽ നിർദ്ദേശിച്ചിരിക്കുന്ന ഫീസ്

(b) അടുത്തിടെ എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ

(c) ഡ്രൈവിംഗ് ലൈസൻസ്

(d) പുതുക്കുവാനുള്ള ലൈസൻസ് ട്രാൻസ് പോർട്ട് വാഹനം ഓടിക്കുവാൻ ഉള്ളതോ അല്ലെങ്കിൽ നോൺ ട്രാൻസ്പോർട്ട് വാഹനം ഓടിക്കുവാനോ ഉള്ള ലൈസൻസ് ആണെങ്കിൽ, അത് ഓടി ക്കുന്ന വ്യക്തിയുടെ പ്രായം 40 വയസ്സിനു മുകളിലായാൽ പുതുക്കുവാൻ ഉള്ള അപേക്ഷയോടൊപ്പം Form 1A നൽകണം.

(e) ഹെവി ഗുഡ്സ് വാഹനം അല്ലെങ്കിൽ ഹെവി പാസഞ്ചർ വാഹനം ഓടിക്കു വാനുള്ള ലൈസൻസ് ആണ്

പുതുക്കുന്നത് എങ്കിൽ ഫോം 5A യിൽ ലഭിച്ച സർട്ടിഫിക്കറ്റ് കൂടി നൽകണം.

- ❖ **Rule 18A** - ഡ്യൂപ്ലിക്കേറ്റ് ലൈസൻസ് നൽകുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു.

> ഒരു വ്യക്തിയുടെ ഡ്രൈവിംഗ് ലൈസൻസ് കളഞ്ഞുപോവുകയോ കീറുകയോ അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗ്ഗത്തിൽ ഇല്ലാതാകുകയോ ചെയ്താൽ ആ വ്യക്തിക്ക് ഡ്യൂപ്ലിക്കേറ്റ് ലൈസൻസിന് അപേക്ഷിക്കാവുന്നതാണ്.

- ❖ **Rule 21** - അയോഗ്യരാക്കുവാനുള്ള ലൈസൻസിംഗ് അതോരിറ്റിയുടെ അധികാരം.

●ഒരു ലൈസൻസ് ഉള്ള വ്യക്തി ചുവടെ പറയുന്ന കാര്യങ്ങൾ ചെയ്യുന്നതിലൂടെ അയോഗ്യനാകപ്പെടുന്നു.

> മോട്ടോർ വാഹനങ്ങൾ മോഷ്ടിക്കുക

> യാത്രക്കാർക്കു നേരെയുള്ള അക്രമം

> യാത്രക്കാരുടെ സാമഗ്രികൾ കവരുക

> ചരക്ക് വാഹനത്തിലെ ചരക്ക് മോഷ്ടിക്കുക.

> ഏതെങ്കിലും നിയമപ്രകാരം നിരോധിച്ച ചരക്ക് കടത്തുക.

> ഒരു ട്രാൻസ്പോർട്ട് വാഹനമോടിക്കുന്ന ഡ്രൈവർ അദ്ദേഹത്തിൻ്റെ ശ്രദ്ധ നഷ്ടപ്പെടുന്ന രീതിയിലുള്ള പ്രവർത്തികൾ ചെയ്യുക.

> യാത്രക്കാരെ തട്ടിക്കൊണ്ടു പോകുക.

> ചരക്ക് വണ്ടിയിൽ അമിതമായി ചരക്ക് കയറ്റുക.

> കാശിനോ അല്ലാതെയോ ചരക്ക് വാഹനത്തിൻ്റെ ഡ്രൈവർ ക്യാബിനിൽ കൊള്ളാവുന്നതിനുമപ്പുറം ആളുകളെ കയറ്റുക അല്ലെങ്കിൽ വാഹനത്തിനു പുറത്ത് ആൾക്കാരെ കയറ്റുക.

> മോട്ടോർ വാഹന നിയമത്തിന്റെ 134-ാം വകുപ്പിന്റെ ലംഘനം.

> അധികാരപ്പെട്ട വ്യക്തി നിർത്താൻ സിഗ്നൽ കാണിച്ചിട്ടും നിർത്താതിരുന്നാൽ.

> യാത്രക്കാർ, ചരക്ക് കയറ്റുമതി ചെയ്യുന്നവർ, ചരക്ക് വിതരണം ചെയ്യുന്നവർ എന്നിവരോട് മോശമായി പെരുമാറുക

> പബ്ലിക് സർവീസ് വാഹനം ഓടിക്കുമ്പോൾ പുകവലിക്കുക.

> റോഡ് ഉപയോക്താക്കൾക്കും യാത്രാക്കാർക്കും ശല്യം ആകുന്ന രീതിയിൽ വാഹനം പൊതുസ്ഥലത്ത് ഉപേക്ഷിച്ചു പോവുക.

> ഏതെങ്കിലും ഒരു വ്യക്തി മറ്റൊരു വാഹനത്തിൽ കയറുന്നതിലോ കയറാൻ തയ്യാറെടുക്കുന്നതിലോ ഇടപെടുക.

> ഡ്രൈവറുടെ റോഡിലെ കാഴ്ചക്കോ വാഹനത്തിലേക്കുള്ള ശരിയായ നിയന്ത്രണത്തിനോ തടസ്സം സൃഷ്ടിക്കുന്ന തരത്തില്‍ വ്യക്തികളെ ഇരിക്കുവാനോ സാധനങ്ങള്‍ വയ്ക്കുവാനോ അനുവദിക്കുക.

> കണ്ടക്ടറുടെയോ യാത്രക്കാരന്‍്റെയോ ആവശ്യാനുസരണം അംഗീകൃത സ്റ്റോപ്പുകളില്‍ സുരക്ഷിതവും സൗകര്യപ്രദവുമായ രീതിയില്‍ നിശ്ചിത സമയങ്ങളില്‍ വാഹനം നിര്‍ത്താതിരിക്കുക.

> യാത്രകളില്‍ അനാവശ്യമായ കാല താമസം വരുത്തുകയോ അലഞ്ഞു തിരിയുകയോ (Loitering) ചെയ്യുക.

> മതിയായ കാരണമില്ലാതെ വാഹനം. വാടകയ്ക്ക് എടുത്തയാള്‍ (Hirer) പറയുന്ന ലക്ഷ്യസ്ഥാനത്തേക്ക് ദൂരം കുറഞ്ഞ വഴിയിലൂടെ പോകാതിരിക്കുക.

> ഒരു മോട്ടോര്‍ ക്യാബിന്‍്റെ ഡ്രൈവര്‍ നിയമപരമായി അര്‍ഹതയുള്ളതിലും അധികമായി കൂലി ആവശ്യപ്പെടുകയോ ഈടാക്കുകയോ വാഹനം ഓടിക്കാന്‍ വിസമ്മതിക്കുകയോ ചെയ്യുക.

>ഏതെങ്കിലും ഒരു പ്രതിഷേധത്തിന്റെയോ പ്രക്ഷോഭത്തിൻ്റെയോ ഭാഗമായി ട്രാൻസ് പോർട്ട് വാഹനം പൊതുസ്ഥലത്ത് മറ്റ് സ്ഥലങ്ങളിലോ പൊതുജനങ്ങൾക്കോ, യാത്രക്കാർക്കോ തടസ്സമോ അസൗകര്യമോ ഉണ്ടാക്കുന്ന തരത്തിൽ ഉപേക്ഷിച്ചു പോവുക. Rule 22 - കോടതി ഒരു ലൈസൻസ് ഹോൾഡറെ താഴെപ്പറഞ്ഞ കാര്യങ്ങളിൽ ശിക്ഷിക്കുകയാണ് എങ്കിൽ അത് ലൈസൻസിൽ Endorse (കുറ്റം രേഖപ്പെടുത്തും) ചെയ്യും.

> (Section 3) ലൈസൻസ് ഇല്ലാതെ വാഹനം ഓടിക്കുക.

> (Section 6 (2)) മറ്റൊരു വ്യക്തിയെ തന്റെ ലൈസൻസ് ഉപയോഗിക്കാൻ അനുവദിക്കുക.

> (Section 23) അയോഗ്യനായിരിക്കുമ്പോഴും വാഹനം ഓടിക്കുക.

> (Section 39) രജിസ്ട്രേഷൻ ഇല്ലാത്ത വാഹനം ഓടിക്കുക.

> (Section 56) ഫിറ്റ് നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത ട്രാൻസ്പോർട്ട് വാഹനം ഓടി ക്കുക.

> 66-ാം വകുപ്പിനെ ലംഘിച്ചു കൊണ്ട് ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിക്കുക. (Section 66: Necessity of Permit).

> **റൂൾ 118** നെ ലംഘിച്ചുകൊണ്ട് വാഹനം ഓടിക്കുക (റൂൾ 118 Speed Governor)

> 114 -ാം വകുപ്പിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ പരാജയപ്പെടുക (Section 114 - power to have vechicle weighted).

> (Section-130) നിശ്ചിത സമയത്തിനുള്ളിൽ ലൈസൻസ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കാൻ വിസമ്മതിക്കുകയോ സാധിക്കാതിരിക്കുകയോ ചെയ്യുക.

> 132-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നത് അനുസരിച്ച് വാഹനം നിർത്താതിരിക്കുക (Section - 132 - duty of driver to stop in certain cases).

> (Section-182) എൻഡോർമെന്റിന്റെ വിശദാംശങ്ങൾ നൽകാതെ ലൈസൻസ് നേടുകയോ ലൈസൻസിന് അപേക്ഷിക്കുകയോ ചെയ്യുക.

> (Section - 183) അമിതവേഗതയിൽ വാഹനം ഓടിക്കുക.

> (Section - 184) അപകടകരമായി വാഹനം ഓടിക്കുക.

> (Section - 185) മദ്യപിച്ചോ ലഹരി ഉപയോഗിച്ചോ വാഹനം ഓടിക്കുക.

> (Section - 186) ശാരീരികമായും മാനസികമായും വാഹനമോടിക്കാൻ അയോഗ്യതയുള്ളയാൾ വാഹനം ഓടിക്കുക.

>Section -183,186 എന്നിവയിൽ പറഞ്ഞിരിക്കുന്ന കുറ്റങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുക (Section - 183 അമിത വേഗത്തിൽ വാഹന മോടിക്കുന്നതുമായി ബന്ധപ്പെട്ടത്).

Ablearns

> Section - 188-ൽ പറഞ്ഞിരിക്കുന്ന കുറ്റങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുന്നത് (Section 188 -Punishment for Abetment of Certain Offences).

>(Section - 189) അംഗീകൃതമല്ലാത്ത റോഡുകളിൽ സ്പീഡ് ട്രയൽ എന്നിവയിൽ പങ്കെടുക്കുക.

> (Section - 190) സുരക്ഷിതമല്ലാത്ത സാഹചര്യങ്ങളിൽ വാഹനമുപയോഗിക്കുക.

> (Section - 194) അനുവദനീയമായ പരിധിയിലോ ഭാരത്തിലോ അധികമായി വാഹനം ഓടിക്കൽ.

- ലൈസൻസിൽ മാറ്റം വരുത്തുക അല്ലെങ്കിൽ മാറ്റം വരുത്തിയ ലൈസൻസ് ഉപയോഗിക്കുക.

- മോട്ടോർ വാഹനം ഉപയോഗിച്ചത് വഴി തടവു ശിക്ഷ ലഭിക്കാവുന്ന കുറ്റം ചെയ്യുക.

❖ **Rule 26** - ഡ്യൂപ്ലിക്കേറ്റ് ലൈസൻസ് നൽകുന്നതിനെ ക്കുറിച്ച് പ്രതിപാദിക്കുന്നു.

> ഒരു ലൈസൻസിംഗ് അതോരിറ്റി അനുവദിച്ചിട്ടുള്ള ലൈസൻസ് എപ്പോഴെങ്കിലും നഷ്ടപ്പെടുകയോ നശിപ്പിക്കുകയോ ചെയ്താൽ ലൈസൻസ് ഉടമ ലൈസൻസ് നൽകിയ ലൈസൻസിംഗ് അതോറിറ്റിയെ നഷ്ടം അറിയിക്കുകയും രേഖാമൂലം ഡ്യൂപ്ലിക്കേറ്റ് ലൈസൻസിന് അപേക്ഷിക്കുകയും വേണം (Rule 26 (1)).

Ablearns

> ഡ്യൂപ്ലിക്കേറ്റ് അപേക്ഷയോടൊപ്പം റൂൾ 32-ൽ പറയുന്ന ഫീസ് വാങ്ങി ലൈസൻ സിംഗ് അതോരിറ്റി ഡ്യൂപ്ലിക്കേറ്റ് ലൈസൻസ് അനുവദിക്കണം. ഇങ്ങനെ അനുവദിച്ച ഡ്യൂപ്ലിക്കേറ്റ് ലൈസൻസിൽ ഡ്യൂപ്ലിക്കേറ്റ് എന്ന് വ്യക്തമായി മാർക്ക് ചെയ്തിരിക്കണം ( Rule 26 (2)).

>ഡ്യൂപ്ലിക്കേറ്റ് ഡ്രൈവിംഗ് ലൈസൻസ് ഇഷ്യൂ ചെയ്ത ശേഷം പിന്നീട് ഒറിജിനൽ ഡ്രൈവിംഗ് ലൈസൻസ് കണ്ടു കിട്ടുകയാണെങ്കിൽ ഉടനെതന്നെ ഡ്യൂപ്ലിക്കേറ്റ് ലൈസൻസ് അത് ഇഷ്യൂ ചെയ്ത ലൈസൻസിംഗ് അതോരിറ്റിയിൽ സറണ്ടർ ചെയ്യേണ്ടതാണ്. Rule 32 - വിവിധ ഫീസുകളെ പറ്റി പ്രതിപാദി ക്കുന്നു.

Ablearns